**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഇ-ടാപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇ-ടാപ്പ് പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ; | (എ) | പുതിയ കുടിവെള്ള കണക്ഷനും സിവറേജ് കണക്ഷനുമുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി നടപ്പിലാക്കിയ സോഫ്റ്റ്‌വെയർ സംവിധാനമാണ് ഇ-ടാപ്പ്. ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഓൺലൈനായി സമർപ്പിക്കപ്പെട്ട കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്കു പരിശോധിക്കുന്നതിനും കണക്ഷൻ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. അപേക്ഷകർക്ക് ഓൺലൈനായി തന്നെ കണക്ഷൻ ഫീസ് അടക്കുവാനും അപേക്ഷയുടെ തൽസ്ഥിതി അറിയുവാനും സാധിക്കും. എസ്.എം .എസ് വഴിയും അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പൊതുജനങ്ങൾക്ക് പ്രസ്തുത പദ്ധതി കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്; | (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതോടെ പൊതു ജനങ്ങൾക്ക് ഓഫീസുകളിൽ വരാതെ തന്നെ പുതിയ കുടിവെള്ള കണക്ഷനും സിവറേജ് കണക്ഷനും ലഭിക്കും. കണക്ഷൻ നടപടികൾ കൂടുതൽ വേഗത്തിലാക്കാനും കൂടുതൽ സുതാര്യത കൈവരിക്കാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു. |
| (സി) | എവിടെയെല്ലാമാണ് പദ്ധതി നിലവിൽ നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തിലുടനീളം ഇ-ടാപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | കൂടുതൽ സ്ഥലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ? | (ഡി) | സംസ്ഥാനത്തിലുടനീളം ഇ-ടാപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ